✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1147

# സൂറ – 40 / ഗാഫിർ

## സൂക്തം: 13 – 17

هُوَ ٱلَّذِى يُرِيكُمْ ءَايَٰتِهِۦ وَيُنَزِّلُ لَكُم مِّنَ ٱلسَّمَآءِ رِزْقًا ۚ
وَمَا يَتَذَكَّرُ إِلَّا مَن يُنِيبُ ﴿١٣﴾

13. അവൻ തന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു കാണിച്ചു തന്നുകൊണ്ടിരിക്കുന്നു. മാനത്തുനിന്ന് ആഹാരമിറക്കി ത്തരുന്നു. അല്ലാഹുവിങ്കലേക്ക് ആവർത്തിച്ചു മടങ്ങു ന്നവൻ മാത്രമേ ഈ ദൃഷ്ടാന്തങ്ങൾ മനസ്സിലാക്കൂ.

**13**

هُوَ الَّذِي يُرِيكُمْ آيَاتِهِ = അവൻ തന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു കാണി(ച്ചു തന്നുകൊണ്ടിരിക്കുന്ന)ക്കുന്നവനാകുന്നു

وَيُنَزِّلُ لَكُم مِّنَ السَّمَاءِ = മാനത്തുനിന്ന് നിങ്ങൾക്ക് ഇറക്കു(റക്കി ത്തരുന്നു)ന്നവനുമാകുന്നു

رِزْقًا = ആഹാരം, ജീവിതവിഭവം وَمَا يَتَذَكَّرُ = പാഠം പഠിക്കു (മനസ്സിലാക്കു)ന്നില്ല

إِلَّا مَن يُنِيبُ = മടങ്ങുന്നവരല്ലാതെ (അല്ലാഹുവിലേക്ക് ആവർത്തിച്ചു മടങ്ങുന്നവരേ ഈ ദൃഷ്ടാന്തങ്ങൾ മനസ്സിലാക്കൂ)

മേൽ സൂക്തത്തിലെ عَلِيِّ الْكَبِيرِ എന്ന വാക്യം പ്രവാച കനെയും വിശ്വാസികളെയും സംബോധന ചെയ് തുകൊണ്ട് വിശദീകരിക്കുകയാണ്: ആ അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാട്ടിത്തന്നുകൊണ്ടിരിക്കുന്നു. കണ്ണുള്ളവർക്ക് കാണാനും മനസ്സിലാക്കാനും പറ്റിയവണ്ണം അവ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞു കിടക്കുന്നുണ്ടല്ലോ. മാനത്തുനിന്ന് മഴയിറക്കി നിങ്ങൾക്കാഹരിക്കാൻ ആവ ശ്യമായ കാർഷിക വിഭവങ്ങളും കാലികളെയും ഉൽപ ാദിപ്പിക്കുന്നതും അവൻ തന്നെ يُنَزِّلُ لَكُم مِّنَ السَّمَاءِ رِزْقًا -ന്റെ വാക്കർഥം അവൻ നിങ്ങൾക്ക് ആകാശത്തിൽനി ന്ന് ആഹാരമിറക്കിത്തരുന്നു എന്നാണ്. എല്ലാ ആഹാര വിഭവങ്ങളുടെയും മൗലികമായ ഉറവിടം മാനത്തുനിന്നു പെയ്യുന്ന മഴയാണല്ലോ. ആ കാരണത്തെ കുറിക്കാൻ അ തിന്റെ കാര്യം പറഞ്ഞിരിക്കുകയാണിവിടെ. മഴയില്ലാതെ കൃഷിയും കാലികളും ഉണ്ടാവുകയില്ല. എന്നാൽ മിഥ്യാ ദൈവങ്ങളെ വെടിഞ്ഞും ആസക്തികളെ നിയന്ത്രിച്ചും നിരന്തരം അല്ലാഹുവിങ്കലേക്ക് മടങ്ങുന്നവർക്കേ ഇതൊ ക്കെ മനസ്സിലാകൂ. انابة-ന്റെ ക്രിയാവചനമാണ് يُنِيب. ഇ നാബയും തൗബയും ഒന്നുതന്നെയാണ് (മടക്കം). പാപ ങ്ങളിൽനിന്ന് പശ്ചാത്തപിക്കുകയാണ് സാങ്കേതികമായ തൗബ. يُنِيب എന്ന വർത്തമാന ക്രിയാവചനം ക്രിയയുടെ നൈരന്തര്യത്തെ കൂടി കുറിക്കുന്നുണ്ട്. ●

---

فَٱدْعُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ وَلَوْ كَرِهَ ٱلْكَٰفِرُونَ ﴿١٤﴾

14. ആകയാൽ നിങ്ങൾ വിധേയത്വം അല്ലാഹുവിനു മാത്രം അർപ്പിച്ചുകൊണ്ട് അവനെ പ്രാർഥിക്കുവിൻ -സത്യധർ മങ്ങൾ നിഷേധിക്കുന്നവർക്ക് എത്ര അരോചകമായാ ലും.

رَفِيعُ ٱلدَّرَجَٰتِ ذُو ٱلْعَرْشِ يُلْقِى ٱلرُّوحَ مِنْ أَمْرِهِۦ عَلَىٰ مَن
يَشَآءُ مِنْ عِبَادِهِۦ لِيُنذِرَ يَوْمَ ٱلتَّلَاقِ ﴿١٥﴾

15. സകലപദവികൾക്കും മീതെയാണവൻ. സിംഹാസന മുടയവൻ. തന്റെ അടിമകളിൽ താനിഛിക്കുന്നവർക്ക് തന്റെ കൽപനയാൽ റൂഹിനെ വിക്ഷേപിക്കുന്നു- സമാ ഗമ നാളിനെക്കുറിച്ചു മുന്നറിയിപ്പു നൽകാൻ.

**14,15**

فَادْعُوا اللَّهَ = ആകയാൽ നിങ്ങൾ അല്ലാഹുവിനെ പ്രാർഥിക്കുവീൻ

مُخْلِصِينَ لَهُ الدِّينَ = വിധേയത്വം അവനു മാത്രമാക്കിയവരായി (അല്ലാഹുവിനു മാത്രം അർപ്പിച്ചുകൊണ്ട്)

وَلَوْ كَرِهَ الْكَافِرُونَ = നിഷേധികൾ വെറുത്താലും (സത്യധർമങ്ങൾ നിഷേധിക്കുന്നവർക്ക് എത്ര അരോചകമായാലും)

رَفِيعُ = ഉയർന്നവൻ, ഉയർത്തുന്നവൻ (മീതെയാണവൻ)

الدَّرَجَاتِ = പദവിക(ൾ)ളുടെ (സകല പദവികൾക്കും മീതെയാണവൻ) ذُو الْعَرْشِ = സിംഹാസനമുടയവൻ

يُلْقِي الرُّوحَ مِنْ أَمْرِهِ = അവൻ തന്റെ കൽപനയാൽ റൂഹിനെ വിക്ഷേപിക്കുന്നു

عَلَىٰ مَن يَشَاءُ مِنْ عِبَادِهِ = തന്റെ അടിമകളിൽനിന്ന് താനിഛിക്കുന്നവർക്ക്

لِيُنذِرَ = അവൻ (ആ അടിമ) മുന്നറിയിപ്പു നൽകാൻ يَوْمَ التَّلَاقِ = പരസ്പരം കണ്ടുമുട്ടുന്ന (സമാഗമ) നാളിനെ(ക്കുറിച്ച്)

അല്ലാഹുവിലേക്ക് ആവർത്തിച്ചു മടങ്ങുകയെന്നാൽ മിഥ്യാ ദൈവങ്ങളെയെല്ലാം വർജിച്ച് ഏകനായ അല്ലാഹുവിനു മാത്രം വഴിപ്പെടുകയാണ്. دعاء- പ്രാർഥന ഒരാരാധനയാണ്. ഇബാദത്തിന്റെ പര്യായമായും ഈ പദം ഉപയോഗിക്കും. ദുആഅ് ഇബാദത്തിന്റെ മജ്ജയാണ് എന്ന് ഒരു നബിവചനമുണ്ട്. ഇവിടെ എല്ലാ ഇബാദത്തുകളും ഉദ്ദേശിച്ചാണ് പ്രാർഥന ادعوا എന്നു പറഞ്ഞിട്ടുള്ളത്. مُخْلِصِينَ لَهُ الدِّينَ വിധേയത്വം അവന്നുമാത്രമാക്കിക്കൊണ്ട് എന്നതിന്റെ താൽപര്യം കഴിഞ്ഞ സൂറ *അസ്സുമർ* 2,11,14 സൂക്തങ്ങൾക്കു താഴെ വിശദമാക്കിയിരിക്കുന്നു. ഏകദൈവത്തിലേക്കു വിളിച്ചാൽ നിഷേധിക്കുകയും ബഹുദൈവങ്ങളിലേക്കു വിളിച്ചാൽ സന്തുഷ്ടരായി സ്വാഗതം ചെയ്യുകയും ചെയ്യുന്ന ആളുകൾ എത്രതന്നെ ദ്വേഷിക്കുകയും ദ്രോഹിക്കുകയും ചെയ്താലും അതൊന്നും വകവെക്കാതെ അല്ലാഹുവിന്റെ ഏകത്വത്തിൽ അടിയുറച്ചുനിന്ന് അവനു തന്നെ വഴിപ്പെട്ടുവാഴണം. കാരണം അവനാണ് സ്വയം ഉയർന്നവനും സൃഷ്ടികളുടെ പദവികൾ ഉയർത്തുന്നവനും. رفع (ഉയർന്നു, ഉയർത്തി)യുടെ കർതൃവചനമായ رافع-ന്റെ അത്യുക്തിയാണ് رفيع. വിവക്ഷ ഉയർന്നവനാകാം, ഉയർത്തുന്നവനുമാകാം. درجة(പടി, സ്റ്റെപ്പ്) ന്റെ ബഹുവചനമാണ് درجات. പദവി, സ്ഥാനം, ഉന്നതി, ഗാംഭീര്യം തുടങ്ങിയ ആശയങ്ങളുടെ രൂപകമായും വ്യാപകമായി ഉപയോഗിക്കുന്നു. رَفِيعُ الدَّرَجَاتِ-നെ വ്യാഖ്യാതാക്കൾ രണ്ടർഥത്തിൽ സ്വീകരിച്ചിരിക്കുന്നു. 1) ഔന്നത്യത്തിന്റെയും മഹത്വത്തിന്റെയും സകല പടികൾക്കും മീതെയായവൻ. തുടർന്നുവരുന്ന സിംഹാസനമുടയവൻ, റൂഹിനെ വിക്ഷേപിക്കുന്നവൻ എന്നീ വാക്കുകൾ ഈ അർഥത്തെ കൂടുതൽ ബലപ്പെടുത്തുന്നു. രണ്ടാമത്തെ അർഥ പ്രകാരം സൃഷ്ടികളുടെ പദവികളും യശസ്സും ഉയർത്തുന്നവനാണ് رَفِيعُ الدَّرَجَاتِ ഉയർന്നവനും സൃഷ്ടികളെ ഉയർത്തുന്നവനും മാത്രമല്ല, സർവലോകവും ഭരിക്കുന്ന പരമാധികാരിയുമാണവൻ. ആത്യന്തികമായ അധികാരത്തിന്റെ രൂപകമാണ് ذُو الْعَرْشِ. അവൻ തന്റെ അടിമകളുടെ മാർഗദർശനാർഥം ദിവ്യബോധനം വിക്ഷേപിക്കുന്ന ആത്മാവിനും ദിവ്യ സന്ദേശത്തിനും ദിവ്യസന്ദേശ വാഹകനായ മലക്കിനും (ജിബ്‌രീൽ) روح എന്നു പറയും. ഇവിടെ ഉദ്ദേശിച്ചത് ദിവ്യസന്ദേശം (وحي) ആവാം, ദിവ്യസന്ദേശത്തിന്റെ വാഹകരായ ജിബ്‌രീലുമാവാം. രണ്ടായാലും സാരം ഒന്നുതന്നെയാണ്. വഹ്‌യിനെയും വഹ്‌യ് വാഹകനെയും ഖുർആൻ 'റൂഹ്' എന്നു വിളിച്ചതിന് ഉദാഹരണം: يُنَزِّلُ الْمَلَائِكَةَ بِالرُّوحِ مِنْ أَمْرِهِ عَلَىٰ مَن يَشَاءُ مِنْ عِبَادِهِ (തന്റെ കൽപനയിൽനിന്നുള്ള ദിവ്യസന്ദേശം മലക്കുകളിലൂടെ അവനിഛിക്കുന്ന ദാസന്മാർക്ക് ഇറക്കികൊടുക്കുന്നു -16:2). نَزَلَ بِهِ الرُّوحُ الْأَمِينُ "പരിശുദ്ധാത്മാവ് (ജിബ്‌രീൽ) ആ സന്ദേശവുമായി ഇറങ്ങി'' (26:193). إِلْقَاء-ൽ നിന്നുള്ള വർത്തന ക്രിയാ വചനമാണ് يُلْقِي. കൈയിലുള്ള വസ്തു ഭൂമിയിലേക്കെറിയലാണ് ഭാഷയിൽ القاء. കൊടുക്കുന്നതിനും സമർപ്പിക്കുന്നതിനും القاء എന്നു പറയും; ആ കൊടുക്കലും സമർപ്പണവും യാദൃഛികമായി നടക്കുന്നതാണെങ്കിൽ. പ്രവാചകന്മാർക്ക് ദിവ്യസന്ദേശം ലഭിക്കാറുള്ളത് നിനച്ചിരിക്കാത്ത സന്ദർഭങ്ങളിലാണ്. مِنْ أَمْرِهِ -ക്കും പണ്ഡിതന്മാർ വ്യത്യസ്ത അർഥങ്ങൾ കൽപിച്ചിരിക്കുന്നു. അവന്റെ കൽപനയുംകൊണ്ട് (بامره) എന്നാണെന്ന്. അതായത് ശരീഅത്തു നിയമങ്ങൾ ദിവ്യസന്ദേശമായി ഇറക്കുന്നു. അവൻ മാത്രം കൈയാളുന്ന സംഗതികളിൽ പെട്ട റൂഹിനെ എന്നാണ് മറ്റൊരർഥം. قُلِ الرُّوحُ مِنْ أَمْرِ رَبِّي പറയുക, 'റൂഹ്' എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു എന്ന് 17:85-ൽ പറയുന്നുണ്ടല്ലോ. താൻ നേരിട്ടു കൈയാളുന്ന കാര്യങ്ങളിൽ പെട്ട ദിവ്യസന്ദേശം അല്ലെങ്കിൽ ദിവ്യസന്ദേശവാഹകനെ അയക്കുന്നുവെന്നാകും അപ്പോൾ അർഥം. ദിവ്യസന്ദേശം ലഭിക്കുന്നത് അതുകാത്തിരിക്കുന്നവർക്കോ തേടിനടക്കുന്നവർക്കോ അല്ല. വഹ്‌യ് ലഭിക്കാൻ യോഗ്യനെന്ന് ആളുകൾ വിചാരിക്കുന്നവർക്കുമല്ല. അതാർക്കു നൽകണമെന്ന് അല്ലാഹു നിശ്ചയിക്കും. അവർക്കേ - عَلَىٰ مَن يَشَاءُ- ദിവ്യസന്ദേശം ലഭിക്കൂ. പ്രവാചകത്വം ഒരു ആർജിത ഗുണമല്ല എന്ന് ഈ സൂക്തം വ്യക്തമായി സൂചിപ്പിക്കുന്നു. ആഗ്രഹിക്കാതെയും അതിനുവേണ്ടി പ്രയത്നിക്കാതെയും പ്രതീക്ഷിക്കാതെയും തികച്ചും യാദൃഛികമായിട്ടാണ് പ്രവാചകന്മാർക്ക് ആ ദൗത്യം ലഭിക്കുന്നത്. എന്നാൽ അല്ലാഹു അതു നൽകുന്നത് യാദൃഛികമായിട്ടല്ല. ആർക്ക് എപ്പോൾ എങ്ങനെ പ്രവാചകത്വം നൽകണമെന്ന് കൃത്യമായി ആസൂത്രണം ചെയ്തുകൊണ്ടാണ് അവൻ ഓരോ പ്രവാചകനെയും നിയോഗിക്കുന്നത് اللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُ (തന്റെ ദൗത്യം ആരെ എങ്ങനെ ഏൽപിക്കണമെന്ന് അല്ലാഹുവിന് ഏറ്റം നന്നായിട്ടറിയാം -6:124). എന്തുകൊണ്ടീ ഖുർആൻ ഞങ്ങൾക്കിടയിലെ ധനാഢ്യന്മാർക്കോ പ്രമാണിമാർക്കോ അല്ലെങ്കിൽ മക്ക, ത്വാഇഫ് എന്നീ നഗരങ്ങളിലെ ഏതെങ്കിലും മഹാപുരുഷനോ അവതരിപ്പിക്കാതെ ഈ മുഹമ്മദിന് അവതരിപ്പിച്ചുകൊടുത്തു (43:31) എന്ന ഖുറൈശികളുടെ ചോദ്യത്തിനുള്ള മറുപടി കൂടിയാണിത്.

വിത്ത പ്രതാപവും അന്തസ്സും വിളംബരം ചെയ്ത് രാജകൊട്ടാരങ്ങളിൽ ആർഭാടമായി വാഴുന്നതിനുവേണ്ടിയല്ല പ്രവാചകനെ നിയോഗിക്കുന്നത്. ജനങ്ങൾ മരണാനന്തരം

ഉയിർത്തെഴുന്നേറ്റ് അല്ലാഹുവിനെ കണ്ടുമുട്ടുന്ന ഒരുനാൾ വരാനിരിക്കുന്നു എന്നു മുന്നറിയിപ്പു നൽകുകയും ആ നാളിനെ നേരിടാൻ എങ്ങനെ സജ്ജരാകണമെന്നു പഠിപ്പിക്കുകയുമാണ് പ്രവാചകന്മാരുടെ ദൗത്യം. يَوْمَ التَّلَاقِ തമ്മിൽ കണ്ടുമുട്ടലിന്റെ ദിവസമാണ്. അല്ലാഹുവും അടിമകളും തമ്മിലും മനുഷ്യരും മനുഷ്യരും തമ്മിലും കണ്ടുമുട്ടുന്ന നാൾ. പരലോകത്തും സൃഷ്ടികൾ അല്ലാഹുവിനെ നേരിൽ കാണുകയില്ല എന്നു സിദ്ധാന്തിക്കുന്നവരുടെ വീക്ഷണത്തിൽ യൗമുത്തലാഖ് കൊണ്ടുദ്ദേശിക്കുന്നത് മനുഷ്യർ പരസ്പരം കണ്ടുമുട്ടുന്ന വിചാരണാ സഭയുടെ ദിവസം 'യൗമുൽ ഹശ്റ്' ആകുന്നു. ഇഹലോകവാസികളും വാനലോകവാസികളും സംഗമിക്കുന്ന ദിവസം എന്നാണ് ചില പണ്ഡിതന്മാരുടെ വ്യാഖ്യാനം. മനുഷ്യർ അല്ലാഹുവുമായി സന്ധിക്കുന്ന ദിവസം എന്ന അർഥത്തെയാണ്, തുടർന്നുള്ള يَوْمَ هُم بَارِزُونَ ... എന്ന വചനം ബലപ്പെടുത്തുന്നത്. ●

---

يَوْمَ هُم بَـٰرِزُونَ ۖ لَا يَخْفَىٰ عَلَى ٱللَّهِ مِنْهُمْ شَىْءٌ ۚ لِّمَنِ ٱلْمُلْكُ ٱلْيَوْمَ ۖ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿١٦﴾

16. മർത്യരൊക്കെയും മറയില്ലാതെ വെളിപ്പെടുന്ന നാളിനെക്കുറിച്ച്. അന്ന് അവരുടെ യാതൊരു കാര്യവും അല്ലാഹുവിൽനിന്നു മറയുന്നില്ല. ചോദിക്കപ്പെടുന്നു: ഇന്ന് ആരുടെ കൈകളിലാണ് അധികാരമൊക്കെയും? മറുപടിയുമുണ്ടാകുന്നു: സകലത്തെയും അടക്കി ഭരിക്കുന്ന ഏകനായ അല്ലാഹുവിനു മാത്രം.

**16**

يَوْمَ هُم بَارِزُونَ = അവർ (മർത്യരാസകലം) മറയില്ലാതെ വെളിപ്പെടുന്ന നാളിനെ (ക്കുറിച്ച്)

لَا يَخْفَىٰ عَلَى اللَّهِ = (അന്ന്) അല്ലാഹുവി(ന്ന്) ന്റെ മേൽ മറയുന്നില്ല

مِنْهُمْ شَيْءٌ = അവ(രുടെ)രിൽനിന്ന് യാതൊരുകാര്യവും

لِّمَنِ الْمُلْكُ الْيَوْمَ = (ചോദിക്കപ്പെടുന്നു) ഇന്ന് ആർക്കാണ് (രുടെ കൈകളിലാണ്) അധികാരം (ഒക്കെയും)

لِلَّهِ الْوَاحِدِ الْقَهَّارِ = (മറുപടിയുണ്ടാകുന്നു) സകലത്തെയും അടക്കി ഭരിക്കുന്ന ഏകനായ അല്ലാഹുവിന് (മാത്രം)

മർത്യരെല്ലാം അല്ലാഹുവിന്റെ തിരുമുമ്പിൽ നേരിട്ട് ഹാജരാകുന്ന ദിനമാണത്. يَوْمَ هُم بَارِزُونَ لَا يَخْفَىٰ عَلَى اللَّهِ مِنْهُمْ شَيْءٌ അവരിൽനിന്നുള്ള യാതൊന്നും അല്ലാഹുവിന്ന് മറയാതെ അവർ വെളിപ്പെടുന്ന ദിവസം- എന്നാണ് മൂലവാക്യത്തിനർഥം. പ്രത്യക്ഷമാകലും പ്രകാശിതമാകലും അനാവൃതമാകലും തുറന്ന സ്ഥലത്ത് ഹാജരാകലുമൊക്കെയായ بُرُوز -ന്റെ കർതൃവചനമാണ് بارز. വെളിമ്പുറത്തിന് براز എന്നു പറയും. നാണമില്ലാതെ പുരുഷന്മാരുമായി തുറന്നിടപെടുന്ന സ്ത്രീയെ برزة എന്നു വിളിക്കും. ابراز الكتاب പുസ്തകപ്രകാശനം. ഭൗതിക ജീവിതത്തിലെ നന്മ തിന്മകളെല്ലാം വെളിപ്പെട്ടവരായി വിചാരണ മൈതാനിയിൽ ഹാജരാകുന്നു എന്നാണ് ഇവിടെ بارزون-യുടെ താൽപര്യമെന്നാണ് തുടർന്നുള്ള لَا يَخْفَىٰ عَلَى اللَّهِ مِنْهُمْ شَيْءٌ എന്ന വാക്യം സൂചിപ്പിക്കുന്നത്. 'അല്ലാഹുവിനും അടിമകൾക്കുമിടയിൽ മറയേതുമില്ലാതെ പ്രത്യക്ഷപ്പെടുന്ന' എന്നാണ് ചിലർ നൽകുന്ന അർഥം. വിവസ്ത്രരായി ഹാജരാകുന്നു എന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഈ അർഥകൽപനകളെല്ലാം സാധൂകരിക്കുന്നതാണ് മൂലത്തിലെ പദപ്രയോഗം. അന്ന് വിചാരണാ മൈതാനത്ത് നിരന്നു നിൽക്കുന്ന സത്യനിഷേധികളായ പാപികളോട് അല്ലാഹു ചോദിക്കുന്നു: ഇന്ന് അധികാരമൊക്കെയും ആരുടെ ഹസ്തത്തിലാണ്? മനുഷ്യർക്കും തിര്യക്കുകൾക്കും കടലിനും കരക്കും കാറ്റിനും മഴക്കും കൃഷിക്കും കച്ചവടത്തിനുമൊക്കെ വേറെ വേറെയായി അനേകം ദൈവങ്ങളെ ആരാധിച്ചിരുന്നവർക്കും ദൈവമേ ഇല്ലെന്നു കരുതിയിരുന്നവർക്കും ഈ ചോദ്യത്തിനു മറുപടി പറയാൻ കഴിയുന്നില്ല. ഇങ്ങനെയൊരു ഘട്ടവും ചോദ്യവും നേരിടേണ്ടി വരുമെന്ന് ഒട്ടും പ്രതീക്ഷിച്ചതല്ലല്ലോ. അപ്പോൾ അവൻ തന്നെ മറുപടി പറയുന്നു: ഇന്ന് അധികാരമൊക്കെയും ഈ അണ്ഡകടാഹത്തെ അടക്കി ഭരിക്കുന്ന അല്ലാഹുവിനു മാത്രമാകുന്നു. ഭൂമിയിൽ നിങ്ങൾക്ക് ഉണ്ടെന്ന് അഹങ്കരിച്ചിരുന്ന കഴിവുകളോ അധികാരങ്ങളോ ഒന്നും ഇവിടെയില്ല. നിങ്ങളുടെ നേതാക്കളും രാജാക്കളുമായി ചമഞ്ഞിരുന്നവർക്കുമില്ല. പരലോകമുണ്ടെങ്കിൽ അവിടെയും നിങ്ങളുടെ രക്ഷകരാകുമെന്ന് മോഹിച്ച് ആരാധിച്ചുകൊണ്ടിരുന്ന പരദൈവങ്ങളാരും ഇവിടെ രക്ഷകരായി പ്രത്യക്ഷപ്പെടുന്നില്ല. ഈ യാഥാർഥ്യം ഇനിയും ബോധ്യമാകുന്നില്ലെങ്കിൽ ആ ദൈവങ്ങളെയൊന്നു വിളിച്ചുനോക്കൂ.

وَيَوْمَ يَقُولُ نَادُوا شُرَكَائِيَ الَّذِينَ زَعَمْتُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا لَهُمْ وَجَعَلْنَا بَيْنَهُم مَّوْبِقًا

(അന്ന് നാഥൻ അവരോട് പറയുന്നു: എന്റെ പങ്കാളികളെന്ന് നിങ്ങൾ വാദിച്ചിരുന്നവരെ ഒന്നു വിളിച്ചു നോക്കൂ; അപ്പോൾ ആ ജനം അവരെ വിളിക്കുന്നു. അവരാരും ആ വിളി കേൾക്കുന്നില്ല. ഇപ്പോൾ ആ ആരാധ്യർക്കും ഈ ആരാധകർക്കുമിടയിൽ നാം ഒരു നാശഗർത്തം സ്ഥാപിച്ചിരിക്കുന്നു -18:52) സ്വന്തം ശക്തികൊണ്ട് സകലതും കീഴ്പ്പെടുത്തി അടക്കി ഭരിക്കുന്ന സർവാധിപതിയാണ് قهّار. ●

---

ٱلْيَوْمَ تُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ ۚ لَا ظُلْمَ ٱلْيَوْمَ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿١٧﴾

17. അന്ന് ഓരോ വ്യക്തിയും അയാളുടെ കർമ സമ്പാദ്യത്തിന്റെ ഫലം സമ്മാനിക്കപ്പെടുന്നു. അന്ന് ആരോടും യാതൊരു അനീതിയുമുണ്ടാകുന്നതല്ല. ഉറപ്പായും അല്ലാഹു അതിശീഘ്രം വിചാരണ ചെയ്യുന്നവനാകുന്നു.

**17**

اَلْيَوْمَ تُجْزَىٰ = അന്നു സമ്മാനിക്കപ്പെടുന്നു
كُلُّ نَفْسٍ = എല്ലാ ആത്മാവും (ഓരോ വ്യക്തിയും)
بِمَا كَسَبَتْ = ആ ആത്മാവ് സമ്പാദിച്ചതുകൊണ്ട് (അയാളുടെ കർമസമ്പാദ്യത്തിന്റെ ഫലം)
لَا ظُلْمَ الْيَوْمَ = അന്ന് അക്രമമില്ല (ആരോടും യാതൊരനീതിയും ഉണ്ടാകുന്നതല്ല)
إِنَّ اللَّهَ = ഉറപ്പായും അല്ലാഹു
سَرِيعُ الْحِسَابِ = അതിവേഗം വിചാരണ ചെയ്യുന്നവനാകുന്നു

ഉയിർത്തെഴുന്നേറ്റ് വിചാരണാ സഭയിൽ ഹാജരാകുന്നത് കർമഫലം വിധിക്കപ്പെടാനും വിചാരണ ചെയ്യപ്പെടാനുമാകുന്നു. ഓരോ വ്യക്തിക്കും താൻ ചെയ്ത നന്മതിന്മകളുടെ പേരിലുള്ള രക്ഷയും ശിക്ഷയും നീതിപൂർവം വിധിക്കപ്പെടുന്നു. ആരോടും അശേഷം അനീതിയുണ്ടാവില്ല. സമ്പൂർണ നീതി സാക്ഷാത്കരിക്കുകയാണ് ആ ദിവസവും വിചാരണയും നിശ്ചയിക്കപ്പെട്ടതിന്റെ ലക്ഷ്യം.

മരണാനന്തരജീവിതവും വിചാരണയും വിധിയും സത്യമാണെങ്കിൽ തന്നെ അത് വർഷങ്ങൾക്കുശേഷം ഞാൻ മരിച്ച് പിന്നെ യുഗങ്ങൾ പിന്നിട്ട ശേഷം ഉയിർത്തെഴുന്നേൽക്കുമ്പോഴാണല്ലോ സംഭവിക്കുക. അതൊക്കെ എത്ര വിദൂരമാണ്. അതിനെ പേടിച്ച് നിലവിലുള്ള ജീവിതം കലുഷമാക്കേണ്ട കാര്യമില്ല. ഇങ്ങനെ ചിന്തിച്ച് ആരും പരലോക വിഷയത്തിൽ അലംഭാവം കാണിക്കേണ്ട. നിങ്ങൾ വിചാരിക്കുന്നതുപോലെ ഉയിർത്തെഴുന്നേൽപിന് യുഗാന്തരങ്ങളുടെ കാലതാമസമൊന്നുമില്ല. അല്ലാഹു അതിവേഗം തന്നെ നിങ്ങളെ വിചാരണ ചെയ്യും. മനുഷ്യൻ മരിക്കുന്നതോടെ അവന് ഭൗതികമായ സ്ഥലകാലങ്ങൾ ഇല്ലാതാകുന്നു. എത്ര യുഗങ്ങൾക്ക് മുമ്പ് മരിച്ചു പോയവർക്കും ഉയിർത്തെഴുന്നേൽക്കുമ്പോൾ തോന്നുക ഏതാനും നാഴിക നേരം മുമ്പ്, അല്ലെങ്കിൽ ഒരു ദിവസം മുമ്പേ താൻ മരിച്ചിട്ടുള്ളൂ എന്നാണ്. كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوا إِلَّا عَشِيَّةً أَوْ ضُحَاهَا (ജനം ഉയിർത്തെഴുന്നേൽപു കാണും നാളിൽ, ഒരു സായാഹ്നമോ പൂർവാഹ്നമോ മാത്രമേ ഭൗതിക ലോകത്ത് വസിച്ചിട്ടുള്ളൂ എന്നോണം അവർക്കു തോന്നുന്നു – 79:46) അല്ലാഹുവിന്റെ വിചാരണാ നടപടിയും ക്ഷണത്തിൽ പൂർത്തിയാകും. അന്വേഷണത്തിനും റിപ്പോർട്ടിനും സാക്ഷികളെയും രേഖകളും സമർപ്പിക്കാനുമൊന്നും അവിടെ സമയമെടുക്കുന്നില്ല. ഒരാൾ മരിക്കുമ്പോൾ തന്നെ അല്ലാഹുവിന്റെ ഉദ്യോഗസ്ഥർ അയാളുടെ ജീവിതം സമ്പൂർണമായി അന്വേഷിക്കുകയും റിപ്പോർട്ട് തയാറാക്കുകയും ചെയ്തു കഴിഞ്ഞിരിക്കും. ഒരാൾ വിചാരണക്കു ഹാജരാകുമ്പോൾ നിമിഷാർധം കൊണ്ട് അയാളുടെ ജീവിതം മുഴുവൻ, സാക്ഷികളും രേഖകളും സമേതം ഒരു കമ്പ്യൂട്ടർ മോണിറ്ററിലെന്നോണം മുന്നിൽ തെളിയുന്നു. പിന്നെ വിധി പ്രസ്താവിക്കാനെന്തു താമസം! ●